ഈ കുടികിടപ്പ് സർട്ടിഫിക്കറ്റിന്റെ പേരിലെങ്കിലും ഒരു നിയമ സഹായം നൽകണം. അല്ലെങ്കിൽ ഗവൺമെന്റ് കൊടുത്ത സർട്ടിഫിക്കറ്റിന് വിലയില്ലാത്തതായി പോകും. അവർക്ക് ഒരു നിയമസഹായം ഉണ്ടാകണം. തൽക്കാലത്തേയ്ക്കെങ്കിലും അവരെ പുനരധിവസിപ്പിക്കാനുള്ള സഹായം ഉണ്ടാകണം. വേറെ ഒന്നും ഇല്ലെങ്കിലും കുട്ടികളെ സ്കൂളിൽ വിടാൻ കഴിയുന്നില്ല. അവർക്ക് തൽകാലത്തേയ്ക്കെങ്കിലും സൗജന്യ റേഷൻ വിതരണം ചെയ്യാൻ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നാവായിക്കുളം വില്ലേജിലെ നയനാംകോണം കോളനിയിൽപ്പെട്ട 9 കുടുംബങ്ങളെ 16-2-2005-ൽ കോടതി നിയമിച്ച റിസീവർ മുഖേന പോലീസിന്റെ സഹായത്തോടുകൂടി ഒഴിപ്പിക്കുകയുണ്ടായി. ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിൽ കുടി ഒഴിപ്പിച്ച കുടുംബങ്ങൾക്ക് പ്രസ്തുത വസ്തുവിൽ കരം തീരുവയോ തണ്ടപേര് അവകാശമോ ഉള്ളതായി കാണുന്നില്ല. എന്നാൽ വർഷങ്ങളായി ഇവിടെ താമസിച്ചു കൊണ്ടിരുന്നവർ എന്ന നിലയിൽ മാനുഷിക പ്രശ്നം തീർച്ചയായും ഉണ്ട്. കുടിയൊഴിപ്പിച്ച കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. അതിലേക്ക് അവിടുത്തെ ത്രിതല പഞ്ചായത്തുകൾ മുന്നോട്ടുവന്നിട്ടുണ്ട്. വാടകയ്ക്ക് വീടെടുത്ത് അവരെ താമസിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുപോലെതന്നെ അവർക്ക് പുതിയ വീടുകൾ വയ്ക്കുന്നതിനുവേണ്ടി 19,000 രൂപയ്ക്ക് സ്ഥലം വാങ്ങി കൊടുക്കുന്നതിനുള്ള തീരുമാനവും ത്രിതല പഞ്ചായത്ത് എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ പ്രത്യേകിച്ച് അനുമോദിക്കുകയാണ്. കഴിയുന്ന എല്ലാ സഹായങ്ങളും ഈ കാര്യത്തിൽ ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

(5) വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം

ശ്രീ. രാജു എബ്രഹാം: സർ, കേരളം വരൾച്ചയുടെ പിടിയിൽ പൂർണ്ണമായിട്ട് അമർന്നു കഴിഞ്ഞു. കുടിവെള്ളമില്ല. പല ഭാഗങ്ങളിലും കൃഷികൾ പൂർണ്ണമായി ഉണങ്ങിയ അവസ്ഥയാണ്. 36 ഡിഗ്രി സെൽഷ്യസാണ് അവിടുത്തെ ചൂട്. ഗൾഫിൽ പോലും ഇത്രയും ചൂടില്ല. ഞങ്ങളുടെ മലയോര പ്രദേശങ്ങളിൽ പത്തും ഇരുപതും കിലോമീറ്റർ നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. ഇത്രയും ഗുരുതരമായ പ്രശ്നം ഉണ്ടായിട്ട് ഗവൺമെന്റ് നിസ്സംഗതയോടുകൂടി ഈ വരൾച്ചയെ നോക്കിനിൽക്കുകയാണ്. നയാപൈസ പോലും മാർച്ച് മാസം 10-ാം തീയതിയായിട്ട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടില്ല. സാധാരണ ഗതിയിൽ ഫെബ്രുവരി മാസമാണ് ജില്ലാ കളക്ടർമാർക്ക് കുളങ്ങൾ കുഴിക്കാനും കിണർ നന്നാക്കാനുമൊക്കെ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത്. പക്ഷേ നയാപൈസ ജോലിക്കാർക്ക് ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല എന്നു പറഞ്ഞിരിക്കുന്നതുതന്നെ ഈ വരൾച്ചയോട് ഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനം എന്താണെന്നുള്ളതാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഒരാഴ്ചക്കാലത്ത് കുടിവെള്ള വിതരണത്തിനായി ധാരാളം ഉറപ്പുകൾ നൽകിയതാണ്. ആ ഉറപ്പുകൾ പാലിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ചെക്ക് ഡാമുകൾ പുതുതായിട്ട് വന്നിട്ടില്ല. ജൂൺ ആകുമ്പോഴാണ് വരൾച്ച ദുരിതാശ്വാസം ചോദിച്ചുകൊണ്ടുള്ള കത്ത് കേന്ദ്രത്തിലേക്ക് അയയ്ക്കുന്നത്. ഈ സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ എങ്ങനെയാണ് കേന്ദ്രം വരൾച്ച ദുരിതാശ്വാസ ഫണ്ട് കേരളത്തിന് നൽകുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ ഗൗരവമായ ഇടപെടൽ രണ്ട് മന്ത്രിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണം. റവന്യൂ വകുപ്പുമന്ത്രിയുടേയും ജല വിഭവ വകുപ്പിന്റെ ഭാഗത്തുനിന്നും ഗൗരവമായ നടപടി ഉണ്ടായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ വെള്ളം കിട്ടാതെ മരിക്കേണ്ടിവരും. അതിനാൽ നടപടിയുണ്ടാകണം.

മി. സ്പീക്കർ: ഇതേ വിഷയത്തെ സംബന്ധിച്ച് ചാത്തന്നൂർ മെമ്പർ ശ്രീ. പ്രതാപവർമ്മ തമ്പാൻ കത്ത് തന്നിരുന്നു. യഥാർത്ഥത്തിൽ അദ്ദേഹമാണ് നേരത്തെ തന്നത്. ഒരു ഓവർ സൈറ്റുകൊണ്ട് അദ്ദേഹത്തിന് കൊടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹവും ഇതേകാര്യം ഉന്നയിച്ചതായിട്ട് പറയുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. രാജു എബ്രഹാം പറഞ്ഞ വരൾച്ചയുടെ രൂക്ഷത സംബന്ധിച്ച് ഗവൺമെന്റിന് നല്ല ബോധ്യമുണ്ട്. ഏത് കാലത്തും ഇല്ലാത്ത വിധത്തിലുള്ള അതിരൂക്ഷമായ വരൾച്ചയുടെ സൂചനകളാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇനി വരാൻ പോകുന്ന രണ്ടു മാസവും ഈ നിലയിലാണ്. രൂക്ഷമായ വരൾച്ചയെ നേരിടുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനമായിട്ട് പോകേണ്ടിവരും. ഈ രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ ഞാൻ ജലവിതരണവുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ യോഗത്തിൽ ഞങ്ങൾ പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അടിയന്തിരമായി ചെയ്തുതീർക്കാൻ കഴിയുന്ന പദ്ധതികളും വരൾച്ചക്കാലത്തിനു മുമ്പ് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയുന്ന പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനും വെള്ളം കൊടുക്കുന്നതിനുമുള്ള നടപടികളിലൂടെ പോവുകയാണ്. എനിക്ക് ബഹുമാനപ്പെട്ട രാജു എബ്രഹാം അടക്കമുള്ള എം. എൽ. എ.-മാരോട് ഒരു അഭ്യർത്ഥനയുണ്ട്. വാട്ടർ അതോറിറ്റി രൂക്ഷമായ സാമ്പത്തിക വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും പൈപ്പ് എക്സ്റ്റൻഷൻപോലെ പുതിയ പദ്ധതികൾക്ക് വേണ്ടിയുള്ള ആവശ്യം വരുന്നുണ്ട്. എം. എൽ. എ. ഏരിയ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നു കാര്യമായ തുക കൊടുത്ത് ഡെപ്പോസിറ്റായി വർക്ക് ചെയ്താൽ ആ രൂപത്തിലും ഞങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ ചെയ്തുപോകാൻ കഴിയും. ഇവിടെ വരൾച്ചയെ

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്നതിനുവേണ്ടി 16 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. 106 ഗ്രാമീണ സ്കൂളുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ജലദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ ഏറ്റവും ഫലപ്രദമായ മാർഗ്ഗം എന്നുള്ള നിലയിൽ അവിടെ 'വർഷ' പദ്ധതി എന്നപേരിൽ 626 പദ്ധതികൾ ഞങ്ങൾ കേരളത്തിലൊട്ടാകെ പൂർത്തീകരിച്ചിട്ടുണ്ട്. വരുന്ന രണ്ട് മാസക്കാലം കൊണ്ടുതന്നെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന വാട്ടർ അതോറിറ്റി ലക്ഷ്യം ഇട്ടിരിക്കുന്ന മുപ്പതോളം പദ്ധതികൾ ഉണ്ട്. അത് പൂർത്തീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഗവൺമെന്റ്. ഇവിടെ സർക്കാരിൽ നിന്ന് വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വരൾച്ചയെ നേരിടാനായി ഈ സാമ്പത്തിക വർഷം കേന്ദ്ര സഹായമായി കേരള വാട്ടർ അതോറിറ്റിക്ക് 10.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം അങ്ങ് പറയുന്നത് ഇനി ചെയ്യേണ്ട കാര്യങ്ങളാണ്. ഞാൻ പറയുന്നത് ചെയ്ത കാര്യങ്ങളാണ്. 37.85 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഒരുമിച്ചു ചേർന്നുകൊണ്ട് ഈ വരൾച്ചയെ നേരിടുന്ന കാര്യത്തിൽ മുന്നോട്ടു പോകണം. അതിനു വാട്ടർ അതോറിറ്റിയുടേയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റേയും സഹകരണം അഭ്യർത്ഥിക്കുകയാണ്. ഈ രൂക്ഷമായ വരൾച്ച കേരളത്തെ കരിച്ചു കളയാതിരിക്കുവാൻ വേണ്ടിയുള്ള സമീപനം നമുക്കെല്ലാവർക്കും സ്വീകരിക്കാം. അതിനു വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

11.00 A.M.]

(6) ബി. എസ്. എഫ്. ബേസ് യൂണിറ്റ്

ശ്രീ. കെ. കെ. ഷാജു: സർ, കേരളത്തിൽനിന്ന് ഇപ്പോൾ ബി.എസ്.എഫ്.-ൽ ജോലി ചെയ്യുന്നവരും പിരിഞ്ഞുവന്നിട്ടുള്ളവരുമായ 25,000-ത്തോളം വരുന്ന ബി.എസ്.എഫ്. ഭടന്മാരും രണ്ടര ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങളുമെല്ലാം ബി.എസ്.എഫ്. യൂണിറ്റ് കേരളത്തിൽ ഇല്ലാത്തതുകൊണ്ട് ബാംഗ്ലൂരിലോ, ഹൈദ്രാബാദിലോ പോയിട്ടാണ് അവരുടെ കാര്യങ്ങൾ നിറവേറ്റുന്നത്. കേരളത്തിൽ ബി.എസ്.എഫ്-ന്റെ പുതിയ യൂണിറ്റ് (ബി.എസ്.എഫ്. ബേസ് എന്നാണ് അതിനു പറയുന്നത്) ആരംഭിക്കുവാൻ വേണ്ടിയിട്ടുള്ള നിർദ്ദേശം ബി.എസ്.എഫ്. ഹെഡ് ക്വാർട്ടേഴ്സിൽനിന്നും വന്നിരുന്നു. സംസ്ഥാന മുഖ്യമന്ത്രിക്ക് അതു സംബന്ധിച്ച് ഒന്നിലേറെ ലെറ്ററുകൾ വന്നിട്ടുണ്ട്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ 139 ഏക്കർ ഭൂമിയുടെ ഒരു ഭാഗം ബി.എസ്.എഫ്. ബേസിനു വേണ്ടി അവർ ചോദിച്ചു. അവിടെ പണ്ട് ആയിരത്തിയഞ്ഞൂറിനുമേൽ കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. ലെപ്രസി സാനിറ്റോറിയത്തിന്റെ ഇടിഞ്ഞു പൊളിഞ്ഞ മതിൽ കെട്ടുവാൻവേണ്ടി മാത്രം ഒരു കോടി രൂപ വേണം.

LIBRARY ARCHIVES Kerala Legislative Assembly